# ക്ലാസ് - 9
# അധ്യാപകസഹായി
# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
# പ്രവർത്തന പുസ്തകം പ്രയോജനപ്പെടുത്തുമ്പോൾ

**ആമുഖം**

തൊഴിൽ ഉദ്ഗ്രഥിത പഠനത്തിന് കുട്ടികൾക്ക് 2024 ജൂൺ മുതൽ പ്രവർത്തന പുസ്തകം ലഭ്യമായിരിക്കുകയാണ്. ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ ഇതര വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചാണ് വിഷയം വിനിമയം ചെയ്യുന്നത്. അഞ്ചാം ക്ലാസുമുതൽ സവിശേഷ പ്രവർത്തന പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. അഞ്ചുമുതൽ എട്ടുവരെ ക്ലാസുകളിൽ പന്ത്രണ്ടോളം തൊഴിൽ ഉദ്ഗ്രഥിത നൈപുണീമേഖലകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നുണ്ട്. കുട്ടികൾ, അവർക്ക് താത്പര്യമുള്ള മേഖലകളെ കണ്ടെത്താനും അതിൽ പുതിയ ആശയങ്ങൾ രൂപീകരിക്കാനും തൊഴിൽ മേഖലകളുടെ സവിശേഷതയും സാധ്യതയും അറിയാനും പര്യാപ്തമായ രീതിയിലാണ് പ്രവർത്തന പുസ്തകങ്ങൾ സജ്ജമാക്കിയിട്ടുള്ളത്.

കുട്ടി ഒൻപതാംക്ലാസിൽ എത്തുമ്പോൾ തൊഴിൽ ഉദ്ഗ്രഥിത പഠനം കുറേക്കൂടി ഗൗരവമായ തലത്തിലേക്ക് വളരുകയാണ്. അടിസ്ഥാനവിദ്യാഭ്യാസ കാലഘട്ടം പൂർത്തിയാകുമ്പോഴേക്കും ഓരോ കുട്ടിയും സമൂഹത്തിലിടപെടാനും സ്വതന്ത്രമായും യുക്തിസഹമായും ആശയവിനിമയം ചെയ്യാനും പ്രാപ്തി നേടണം. കുട്ടി കടന്നുവന്ന ക്ലാസുകളിൽ ഓരോ വിഷയത്തിലും പഠനത്തിലൂടെ ആശയം, ധാരണ, ശേഷി, നൈപുണി, മൂല്യം, മനോഭാവം എന്നിവ നേടിയിട്ടുണ്ട്. ആശയം, ധാരണ, ശേഷി, നൈപുണി എന്നിവ നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായും ടേം പരീക്ഷകളുടെ ഭാഗമായും വിലയിരുത്തപ്പെട്ടിട്ടുണ്ട്. മൂല്യം, മനോഭാവം എന്നിവ വിലയിരുത്തുന്നതിന് പ്രത്യേകമായി വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടാവില്ല. പൊതുവിലയിരുത്തലിൽ ഉദ്ഗ്രഥിച്ച് ഇവ പരിശോധിക്കപ്പെട്ടിട്ടുണ്ടാവാം എന്നുമാത്രം.

ഒൻപതാംക്ലാസിൽ ഒന്നാംടേമിലേക്കു നൽകുന്ന സ്വയം ഒരുങ്ങൽ (Self grooming) എന്ന പ്രവർത്തനപുസ്തകം കുട്ടിയുടെ സ്വയം വിശകലനത്തിനുള്ള കഴിവ് വികസിപ്പിക്കാനുള്ള തരത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ഓരോകുട്ടിക്കും തന്റെ വ്യക്തിത്വത്തെയും താൻ ആർജ്ജിച്ച ശേഷികളെയും മൂല്യങ്ങളെയും തിരിച്ചറിയുന്നതിനും സ്വയം വിലയിരുത്തുന്നതിനും ലക്ഷ്യം നേടുന്നതിനായി താൻ എങ്ങനെ ഒരുങ്ങണമെന്നതിന് ദിശാബോധം നൽകുന്നതിനും ഇത് സഹായകമാണ്. കൂടാതെ, സമൂഹത്തിൽ ഇടപെടുമ്പോഴുള്ള രീതികൾ അറിയാനും കൃത്യപ്പെടുത്താനുമുള്ള അവസരമാണ് തൊഴിൽ ഉദ്ഗ്രഥിത പഠനത്തിന്റെ ഒന്നാം ഘട്ടത്തിൽ നൽകുന്നത്. സമൂഹത്തിൽ ഏറ്റവും നന്നായി ഇടപെടാൻ സന്നദ്ധരായ ഉത്തരവാദിത്വമുള്ള ഒരു പൌരനായി ത്തീരാൻ സ്വയം ഒരുങ്ങാനുള്ള സാധ്യതയാണ് ഈ പ്രവർത്തനപുസ്തകം നൽകുന്നത്. അതിനാൽ

ത്തന്നെ കേവലം വായിച്ചുചർച്ച ചെയ്യുന്ന രീതിയിലല്ല, പ്രവർത്തന പുസ്തകത്തെ ടീച്ചർ സമീപിക്കേണ്ടത്. ഓരോ യൂണിറ്റിലും ലക്ഷ്യംവച്ച കാര്യങ്ങളിലേക്ക് കുട്ടിയെ എത്തിക്കുന്നതിനായി പ്രക്രിയാബന്ധിതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നതാണ് ടീച്ചറുടെ ചുമതല.

ഓരോ പ്രവർത്തനത്തിലൂടെ കടന്നുപോകുമ്പോഴും സ്വയം വിലയിരുത്താനും തന്നെ കണ്ടെത്താനുമുള്ള അവസരം കുട്ടിക്ക് ലഭ്യമാവണം. ആദ്യ യൂണിറ്റുകളിലൂടെ കടന്നുപോകുന്ന കുട്ടിക്ക് തന്റെ വ്യക്തിത്വം, അതിലെ മികവുകൾ, തന്റെ കഴിവുകൾ, താൻ ഇനിയും മുന്നേറാനുള്ള തലങ്ങൾ എന്നിവ തിരിച്ചറിയണം. ഗൗരവപൂർണമായും പ്രക്രിയാബന്ധിതമായും വിനിമയം ചെയ്യണം. മികച്ച ആസൂത്രണത്തിലൂടെ മാത്രമേ ഇത് ക്ലാസ്മുറിയിൽ സാധ്യമാവുകയുള്ളൂ. കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഗവേഷണാത്മകമായ രീതിയിൽ നൂതന വിനിമയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിലൂടെ അധ്യാപകർ സ്വയം നവീകരിക്കുക എന്നതും പ്രധാനമാണ്.

## യൂണിറ്റ് - 1
## സ്വയം അറിയാം

### ആമുഖം

കുട്ടികളുടെ ഭാവി ശരിയായരീതിയിൽ രൂപപ്പെടുത്തിയെടുക്കുന്നതിൽ സ്വയാവബോധത്തിന് നിർണ്ണായകമായ പങ്കുണ്ട്. തന്റെ കഴിവുകളെ തിരിച്ചറിയുക വഴി, ലഭ്യമാകുന്ന അവസരങ്ങളെ ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കും. കഴിവുകൾ ഇല്ലാത്തതല്ല മറിച്ച് തിരിച്ചറിഞ്ഞ് പ്രയോഗിക്കാത്തതാണ് കുട്ടികൾ നേരിടുന്ന പ്രധാന വെല്ലുവിളി. കുട്ടിയെ സ്വയം തിരിച്ചറിവിലേക്ക് നയിക്കുന്ന പ്രക്രിയയിൽ അധ്യാപകനും സമൂഹത്തിനും വലിയ സ്വാധീനം ചെലുത്താൻ സാധിക്കും. ഈ യൂണിറ്റിലെ പ്രവർത്തനങ്ങൾ കുട്ടിക്ക് സ്വയം തിരിച്ചറിയാനും വിലയിരുത്താനും മെച്ചപ്പെടുത്താനുമുള്ള അവസരമാണ് നൽകുന്നത്. വളരെ കൃത്യമായി ആസൂത്രണം ചെയ്തുവേണം പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ. വെറുതെ വായിച്ചു ചർച്ചചെയ്യുന്ന രീതി അവലംബിക്കരുത്.

**ആകെ പ്രവർത്തനങ്ങൾ - 4**

**മുന്നറിവ്**

- സ്വന്തം കഴിവുകളെക്കുറിച്ച് അവ്യക്തമായ (Vague) ധാരണ ഉണ്ട്.
- തന്നെക്കുറിച്ച് മറ്റുള്ളവർക്കുള്ള ധാരണ എന്തൊക്കെയാണെന്ന് ഭാഗികമായി അറിയാം.
- അഭിരുചികളെ പരിശീലനത്തിലൂടെ പരിപോഷിപ്പിക്കണമെന്ന് മനസ്സിലാക്കിയിട്ടുണ്ട്.

### പഠനലക്ഷ്യങ്ങൾ

- സ്വന്തം കഴിവുകൾ തിരിച്ചറിയുക, പട്ടികപ്പെടുത്തുക
- ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് അവ തരണം ചെയ്യാൻ പ്രാപ്തരാവുക
- വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റേണ്ടതാണെന്ന് തിരിച്ചറിയുക
- തന്റെ വൈദഗ്ദ്ധ്യ മേഖല തിരിച്ചറിയുക.

### ധാരണകൾ

- കഴിവുകൾ പരിപോഷിപ്പിച്ച് ജീവിതവിജയം നേടാൻ സാധിക്കും
- സ്വയം തിരിച്ചറിവിന് തടസ്സമാകുന്ന ഘടകങ്ങളുണ്ട്

### പ്രവേശക പ്രവർത്തനം

സ്വയം അറിയാം എന്ന പ്രവർത്തനമാണ് ചെയ്യാനുള്ളത്. മറ്റുള്ളവർ കണ്ടെത്തിയ തന്റെ കഴിവുകളും തന്നെക്കുറിച്ച് സ്വയം ഉൾക്കൊണ്ട കാര്യങ്ങളും പൊരുത്തപ്പെടുത്താനു മുള്ള അവസരമാണ് ഒന്നാം യൂണിറ്റിൽ നൽകിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ ഓരോ കുട്ടിയെയും പരിഗണിച്ചുകൊണ്ട് വിനിമയം ചെയ്യേണ്ടതാണ്. ഓരോ പ്രവർത്തനവും വിദ്യാർഥിയെ ഉത്തേജിപ്പിക്കുന്നതിനും തന്നെക്കുറിച്ച് ചിന്തിക്കുന്നതിനുമുള്ള അവസരങ്ങളാവണം.

- പാഠഭാഗത്തിലെ യാചകന്റെ കഥ പറഞ്ഞ് അവതരിപ്പിക്കണം. പുസ്തകത്തിൽനോക്കി വായിക്കുന്നത് ഒഴിവാക്കണം. ടീച്ചർ കഥ അവതരിപ്പിച്ചതിനുശേഷം കുട്ടികളോട് വായിക്കാൻ ആവശ്യപ്പെടാവുന്നതാണ്. സ്വതന്ത്രമായി വായിച്ചതിനുശേഷം ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ ഉന്നയിക്കാം.

ചർച്ച

- യാചകന് അദ്ദേഹത്തിന്റെ ജീവിതം മെച്ചപ്പെടുത്താൻ സാധ്യത ഉണ്ടായിരുന്നോ?
- എന്തുകൊണ്ടാണ് ആ സാധ്യത പ്രയോജനപ്പെടുത്താൻ സാധിക്കാതെ പോയത്?

ഈ കഥയെ ജീവിതവുമായി എങ്ങനെ ബന്ധിപ്പിക്കാം.

തന്നെയും തന്റെ സാധ്യതകളെയും തിരിച്ചറിയുക എന്നത് വളരെ പ്രധാനകാര്യമാണ് എന്ന ധാരണയിലേക്കെത്തണം.

**ആശയ ക്രോഡീകരണം**

വൈവിധ്യമാർന്ന കഴിവുകളുടെ കലവറയാണ് ഓരോ മനുഷ്യനും. കഴിവുകൾ സ്വയം തിരിച്ചറിഞ്ഞ് പ്രയോഗി ക്കുന്നതാണ് ജീവിതവിജയം.

**പ്രവർത്തനം 1 - ഞാൻ ആരാണ്?**

പ്രവർത്തന പുസ്തകത്തിലെ ഒന്നാം പ്രവർത്തനം കുട്ടിക്ക് സ്വയം കണ്ടെത്താനുള്ള ഒരു പ്രവർത്തനമാണ്.

കുട്ടി സ്വയം മനസ്സിലാക്കിയ കഴിവുകളും മറ്റുള്ളവർ കുട്ടിയിൽ കണ്ടെത്തിയ കഴിവുകളും താരതമ്യത്തിലൂടെ വിശകലനം ചെയ്യുന്നു. പ്രകടിപ്പിക്കാത്ത കഴിവുകൾ മറ്റുള്ളവർ തിരിച്ചറിയുന്നില്ല എന്ന ബോധ്യത്തിലെത്തണം.

കുട്ടി സ്വയം തിരിച്ചറിയാത്ത കഴിവുകളും അവന്റെ പ്രവർത്തനത്തിലൂടെയും പെരുമാറ്റത്തിലൂടെയും മറ്റുള്ളവർ തിരിച്ചറിഞ്ഞേക്കാം.

**പോർട്ട് ഫോളിയോ**

ടാലൻറ് ബോക്സ്, അഭിരുചി പട്ടിക, നാമസംക്ഷേപം എന്നിവ പോർട്ട്ഫോളിയിൽ ചേർക്കുക.
ക്ലാസിലെ മുഴുവൻ കുട്ടികളുടേയും കഴിവു ലിസ്റ്റ് ഒന്നിച്ചുചേർത്ത് ഒരു പതിപ്പ് തയ്യാറാക്കു കയുമാവാം.
കഴിവുകൾ അടയാളപ്പെടുത്തൽ പ്രവർത്തനം ഇതിന്റെ തുടർച്ചയായി നൽകിയിട്ടുണ്ട്. തന്റെ കഴിവുകൾ തിരിച്ചറിഞ്ഞ കുട്ടി പ്രവർത്തന പുസ്തകത്തിൽ നൽകിയിട്ടുള്ള ചെക്ക് ലിസ്റ്റിൽ തന്നെക്കുറിച്ച് അടയാളപ്പെടുത്തുന്നു. 28 സൂചകങ്ങളാണ് അവിടെ നൽകിയിട്ടുള്ളത്. ഇതിൽ പ്പെടാത്തവയുണ്ടെങ്കിൽ അവരേഖപ്പെടുത്താനുള്ള അവസരം കൂടി നൽകിയിട്ടുണ്ട്.
ബഹുമുഖ ബുദ്ധിയുമായി ബന്ധപ്പെട്ട സൂചകങ്ങളാണ് നൽകിയിരിക്കുന്നത്. ബഹുമുഖ ബുദ്ധിയുടെ ഏതേത് മേഖലകളിലാണ് കുട്ടി മികച്ച നിലയിൽ എന്നു വിലയിരുത്താൻ ഇതിലൂടെ സാധിക്കും.
തുടർന്ന്

**പ്രവർത്തനം 2 - മി ചാർട്ട്**

(സ്വന്തം കഴിവുകളെ പ്രതിനിധീകരിക്കുന്ന ചിത്രങ്ങൾ, ഇമോജികൾ, നിറങ്ങൾ എന്നിവ ചേർത്തുണ്ടാക്കിയ ചാർട്ട്)
ഒന്നാം പ്രവർത്തനത്തിന്റെ തുടർച്ചയാണ് മി ചാർട്ട് പ്രവർത്തനം. കുട്ടി സ്വയം കണ്ടെത്തിയതും കൂട്ടുകാർ കണ്ടെത്തിയതുമായ തന്റെ കഴിവുകൾ പരിഗണിച്ച് തന്നെക്കുറിച്ച് പുതിയ ധാരണയി ലെത്തിയിരിക്കും. ഈ ധാരണയിൽ തന്നെ വെളിപ്പെടുത്താനുള്ള ഒരു പ്രവർത്തനമാണ് മി ചാർട്ട്. കുട്ടിയുടെ സർഗ്ഗാത്മകത, ക്രിയാത്മകത, പ്രതീകങ്ങളിലൂടെ ആശയവിനിമയം നടത്താനുള്ള ശേഷി എന്നിവ മീ ചാർട്ട് പ്രവർത്തനത്തിലൂടെ വിലയിരുത്താം.

**സാമഗ്രികൾ**

ചാർട്ട്, സ്കെച്ച് പെൻ, കളർ ചിത്രങ്ങൾ അടങ്ങിയ മാഗസിനുകൾ, പശ

**പഠന തെളിവുകൾ**

മി ചാർട്ട്

മി ചാർട്ട് നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ലഭ്യമായ മാഗസിനുകളിൽ നിന്ന് മുറിച്ചെടുത്ത ചിത്രങ്ങൾ, ഇമോജികൾ, അനുയോജ്യമായ നിറങ്ങൾ എന്നിവ ഉപയോഗിച്ച് ആശയങ്ങൾ പ്രതിഫലിപ്പിക്കുക. ആശയങ്ങൾ എഴുതി പ്രകടിപ്പിക്കരുത്. കുട്ടികളുടെ സർഗാത്മകശേഷി പരമാവധി പ്രകടിപ്പിക്കുന്നതാവണം മി ചാർട്ട്.

**മി ചാർട്ട് പ്രദർശനം**

കുട്ടികൾ തയ്യാറാക്കിയ മി ചാർട്ടുകൾ പൊതുവായി ക്ലാസിൽ പ്രദർശിപ്പിക്കുക . ഒരാളുടെ മി ചാർട്ട് മറ്റൊരു കുട്ടിയോട് വായിച്ച് വിശദീകരിക്കാൻ ആവശ്യപ്പെടാം. ടീച്ചർ എല്ലാ കുട്ടികളുടെയും മി ചാർട്ടുകളും പരിശോധിക്കുകയും കുട്ടികൾ തന്നെ ആവിഷ്കരിച്ചതിൽനിന്ന് അവരെ കണ്ടെത്താനുള്ള ശ്രമം നടത്തുകയും വേണം.

**പോർട്ട് ഫോളിയോ**

- മി ചാർട്ട് പോർട്ട്ഫോളിയോയിൽ ചേർക്കുക.

**പ്രവർത്തനം 3**

ഓരോ തൊഴിലിനും അതിന്റേതായ മഹത്വം ഉണ്ട്. ഓരോ തൊഴിലിനും ആവശ്യമായ സവിശേഷ നൈപുണികളുമുണ്ട്. ഇവ പരിശീലനത്തിലൂടെ ആർജിച്ചെടുക്കാനും ജന്മനാ ഉള്ളവയെ പരിപോഷിപ്പിക്കാനും സാധിക്കും. ഇക്കാര്യങ്ങളിൽ കുട്ടികൾക്ക് ധാരണനൽകുക എന്നതാണ് പ്രവർത്തനത്തിന്റെ ലക്ഷ്യം.

കുട്ടികളോട് തൊഴിലുകളുടെ പേരുകൾ പറയാൻ ആവശ്യപ്പെടാം. കുട്ടികൾ അവർക്കറിയാവുന്ന തൊഴിലുകളെല്ലാം പറയട്ടെ. ഇതൊക്കെ ചാർട്ടിലോ ബോർഡിലോ രേഖപ്പെടുത്തുക.

അതിൽ ഓരോ തൊഴിലിനും വേണ്ട കഴിവുകൾ/നൈപുണികൾ എന്തൊക്കെയാണെന്ന് അവർ പറയട്ടെ. അവയും തൊഴിലിന്റെ നേരെ രേഖപ്പെടുത്തുക.

ഈ പ്രവർത്തനം ചെയ്തതിനുശേഷം പ്രവർത്തനപുസ്തകത്തിലെ തൊഴിൽ നൈപുണികൾ എന്ന പ്രവർത്തനം നൽകാം.

**തൊഴിൽ നൈപുണികൾ തിരിച്ചറിയുക.**

1. അധ്യാപകർ - ആശയവിനിമശേഷി, അവതരണപാടവം, നേതൃപാടവം, സൃഷ്ടിപരത പ്രചോദനശേഷി തുടങ്ങിയവ.
2. ബാങ്ക് ജീവനക്കാർ - ഗണിതാഭിരുചി, നേതൃപാടവം, ആശയവിനിമയശേഷി, ധനകാര്യ മാനേജ് മെൻറ് തുടങ്ങിയവ.
3. നർത്തകർ - മെയ്വഴക്കം, താളബോധം, ഭാവാഭിനയം തുടങ്ങിയവ.
4. ടൂറിസ്റ്റ് ഗൈഡ് - ഭാഷാപ്രാവീണ്യം, ആശയവിനിമയശേഷി, ഊർജ്ജസ്വലത പ്രകൃതിയോടുള്ള ആഭിമുഖ്യം.
5. ശാസ്ത്രജ്ഞൻ - ശാസ്ത്രാഭിരുചി. നിരീക്ഷണപാടവം, അപഗ്രഥനശേഷി, ഗവേഷണാഭിരുചി തുടങ്ങിയവ.
6. കമ്പ്യൂട്ടർ വിദഗ്ധൻ - സാങ്കേതിക വൈദഗ്ദ്യം, അപഗ്രഥനശേഷി, ഗണിതാഭിരുചി, ആധുനിക സാങ്കേതിക വിദ്യകളോടുള്ള ആഭിമുഖ്യം തുടങ്ങിയവ.

ഇത്തരത്തിൽ കൂടുതൽ തൊഴിൽ മേഖലകൾക്ക് ആവശ്യമായ നൈപുണികൾ കുട്ടികളെ പരിചയപ്പെടുത്തുക. അതിൽനിന്നും അവരുടെ നൈപുണികൾക്ക്/അഭിരുചികൾക്ക് അനുയോജ്യ മായ തൊഴിലുകൾ കുട്ടികൾ തിരിച്ചറിയുന്നു.

**പ്രവർത്തനം 4 - കണ്ടെത്താം.. തീരുമാനിക്കാം..**

മൂന്നാം പ്രവർത്തനത്തിന്റെ തുടർച്ചയാണ് നാലാം പ്രവർത്തനം. വിവിധ തൊഴിലുകൾക്കാവശ്യമായ നൈപുണികൾ കുട്ടികൾ പരിചയപ്പെട്ടശേഷം ഏതെങ്കിലും ഒരു തൊഴിൽ ചെയ്യുന്നതിനായി തനിക്കുള്ള നൈപുണികൾ ഏവയെന്നു പരിശോധിക്കുക എന്നതാണ് കുട്ടികൾക്കുള്ള പ്രവർത്തനം. ഇഷ്ടപ്പെട്ട തൊഴിൽ ഏതാണ്? ആതൊഴിൽ ചെയ്യുന്നതിന് തനിക്കുള്ള നൈപുണികൾ ഏവയൊക്കെ? ഇനിയും ആർജ്ജിക്കേണ്ടനൈപുണികളേവ? എന്നിങ്ങനെയുള്ള സ്വയം വിശകലനം നടത്താനുള്ള അവസരമാണ് ഈ പ്രവർത്തനത്തിലൂടെ നടക്കേണ്ടത്.

**പ്രവർത്തന വിശകലനം**

കഴിവുകളോടൊപ്പം പരിമിതികൾ കൂടി കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. തനിക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുമ്പോൾ ആ മേഖലയ്ക്കുവേണ്ട കഴിവുകളും നേരിടേണ്ട വെല്ലുവിളികളും കുട്ടികൾ തിരിച്ചറിയണം. അതിന് അനുസൃതമായ തീരുമാനങ്ങൾ എടുക്കാനുള്ള ശേഷി കുട്ടികൾ ഉണ്ടാക്കിയെടുക്കണം.

**പഠനനോല്പന്നം**

- പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ മോഡൽ

**പോർട്ട് ഫോളിയോ**

- ഈ മോഡൽ പോർട്ട് ഫോളിയോയിൽ ചേർക്കണം.

**മൂല്യനിർണയം**

പ്രവർത്തന പുസ്തകത്തിൽ ഒന്നാം യൂണിറ്റിന്റെ നാലു പ്രവർത്തനങ്ങൾക്കുശേഷം കുട്ടികൾക്കു സ്വയം വിലയിരുത്തുന്നതിനുവേണ്ടിയുള്ള അവസരം നൽകിയിട്ടുണ്ട്

ഓരോ കുട്ടിയെയും ടീച്ചർ വിലയിരുത്തേണ്ടതുണ്ട്. ഓരോ പ്രവർത്തനത്തിലും കുട്ടിയുടെ പ്രവർത്തന നില ഗുണാത്മകമായി രേഖപ്പെടുത്തിവക്കേണ്ടതാണ്. പഠന പ്രവർത്തനങ്ങളിൽ ഗ്രേഡ് നൽകേണ്ടതില്ല. പഠനനില പ്രസ്താവനകളായി അടയാളപ്പെടുത്തിയാൽ മതി. പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും കുട്ടിയെ വിലയിരുത്തേണ്ടതാണ്.

സെമിനാർ, ഗ്രൂപ്പ്ചർച്ച തുടങ്ങിയവയിലൂടെ കുട്ടികളുടെ സ്വയാവബോധം വിലയിരുത്താൽ സാധിക്കും. അഭിമുഖത്തിലൂടെ കുട്ടികളെ വിലയിരുത്താവുന്നതാണ്.

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**ക്ലാസ് : 9** **വിഷയം : സ്വയം ഒരുങ്ങൽ**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| **ക്രമനമ്പർ** | **മേഖല** | **പഠനലക്ഷ്യങ്ങൾ** | **ആശയങ്ങൾ** | **ശേഷികൾ/നൈപുണികൾ (തൊഴിൽ നൈപുണികൾ ഉൾപ്പെടെ)** | **മൂല്യം/ മനോഭാവം** | **ഉൾച്ചേർത്തിട്ടുള്ള തീമുകൾ** | **വിഷയങ്ങളുടെ പാരസ്പര്യ സാധ്യത** | **പഠനപ്രവർത്തനങ്ങൾ (പ്രക്രിയ സാധ്യതകൾ ഉൾപ്പെടെ)** | **പഠനസാമഗ്രികൾ** | **വിലയിരുത്തൽ (പ്രക്രിയ, പഠനത്തെളിവ് ഉൽപ്പന്നങ്ങൾ)** | **സമയം** |
| 1 | സ്വയം അവബോധം | • സ്വന്തം കഴിവുകൾ തിരിച്ചറിയുക<br>• ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് അവതരണം ചെയ്യാൻ പ്രാപ്തരാകുക<br>• വെല്ലുവിളികളെ അവസരങ്ങൾ ആക്കി മാറ്റേണ്ട | • കഴിവുകൾ പരിപോഷിപ്പിച്ച് ജീവിതവിജയം നേടാൻ സാധിക്കും<br>• സ്വയം തിരിച്ചറിവിന് തടസ്സമാകുന്ന ഘടകങ്ങളുണ്ട്. | • പ്രതിഫലനാത്മക ചിന്ത<br>• സ്വയം മെച്ചപ്പെടുത്തലിനും നവീകരിക്കാനും ഉള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള കഴിവ്<br>• സ്വയം വിലയിരുത്തലിനുള്ള ശേഷി<br>ലക്ഷ്യം ഉറപ്പിക്കൽ | • സത്യസന്ധത<br>• സമഗ്രത<br>• സ്വയം ബഹുമാനം<br>• ആത്മവിശ്വാസം<br>• തുറന്ന മനോഭാവം<br>• മെച്ചപ്പെടാനുള്ള സന്നദ്ധത.<br>• ഉൾചേർത്തിട്ടുള്ള ടീമുകൾ<br>• സ്വയാവബോധം<br>• വ്യക്തിത്വ വികാസം | • സ്വയം പ്രതിരോധം<br>• അതിജീവനം<br>• വിഷയങ്ങളുടെപാരസ്പര്യ ധാരണ | • ഭാഷ<br>• സാമൂഹ്യ ശാസ്ത്രം<br>• ആർട്ട് | • യാചകന്റെ കഥ അവതരണം ചർച്ച<br>• പ്രതിഭാ പെട്ടി നിർമ്മാണ പ്രവർത്തനത്തോടൊപ്പം തന്റെ കഴിവുകളെയും അഭിരുചികളെയും തിരിച്ചറിയുന്നു.<br>• സ്വന്തം കഴിവുകളെ പ്രതിനിധീകരിക്കുന്ന ചിത്രങ്ങൾ ഇമോജികൾ നിറങ്ങൾ എന്നിവ ചേർത്തുണ്ടാക്കിയ മീ ചാർട്ട്.<br>• സ്വന്തം അഭിരുചിക്ക് അനുസരിച്ച തൊഴിൽ മേഖല കണ്ടെത്തുന്നതിലേ | • ചാർട്ട് പേപ്പർ<br>• ചാർട്ട് കാർഡ്<br>• സ്കെയിൽ<br>• പെൻസിൽ<br>• കത്രിക<br>• മാർക്കർ<br>• A4കളർ പേപ്പർ<br>• സ്റ്റിക്കറുകൾ<br>• ഇമോജികൾ<br>• മാസികകൾ<br>• പശ | • ചർച്ചയിലെയും പ്രവർത്തനങ്ങളിലെയും പങ്കാളിത്തം, അഭിമുഖം. | 6 മണിക്കൂർ |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | താണെ<br>ന്ന്<br>തിരിച്ചറി<br>യുക<br>• തന്റെ<br>വൈദ<br>ഗ്ദ്യ<br>മേഖല<br>തിരിച്ചറി<br>യുക.. | | | | | | ക്കായി വിവിധ<br>തൊഴിലുകളും<br>അതിനാവശ്യമായ<br>നൈ പുണികളും<br>കണ്ടെത്തി<br>പട്ടികപ്പെടുത്തുന്നു.<br>• താല്പര്യമുള്ള<br>തൊഴിൽ മേഖല<br>കണ്ടെത്തുകയും<br>അതിലേക്ക്<br>എത്താൻ ആവശ്യം<br>വേണ്ട കഴിവുകളും<br>നേരിടുന്ന<br>വെല്ലുവിളികളും<br>തിരിച്ചറിയുന്നു. | | | |

## യൂണിറ്റ് 2
## തളരാതെ മുന്നോട്ട്

### ആമുഖം

ജീവിതത്തിൽ സംഭവിക്കുന്ന പലകാര്യങ്ങളും നമ്മുടെ പ്രതീക്ഷകൾക്ക് അനുകൂലമാകണ മെന്നില്ല. ഇത്തരം പ്രതിസന്ധികളിൽ തളർന്നുപോവുകയോ വിഷമിക്കുകയോ ചെയ്യുന്ന വളരെയേറെപേർ നമ്മുടെ സമൂഹത്തിലുണ്ട്. അതേസമയം ഇത്തരം പ്രതിസന്ധികൾ തരണം ചെയ്ത് ജീവിതലക്ഷ്യം നേടിയവരും നമുക്കിടയിലുണ്ട്. അത്തരം വ്യക്തികൾ നമുക്ക് പ്രചോദനമായി ത്തീരണം. പ്രതിസന്ധികളെ യുക്തിപരമായി സമീപിക്കാനും അത് വിശകലനം ചെയ്തു പരിഹാരമാർഗങ്ങൾ കണ്ടെത്താനുമുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കണം. രണ്ടാമത്തെ യൂണിറ്റ് ലക്ഷ്യംവെക്കുന്നത് ഇതാണ്.

### ആകെ പ്രവർത്തനങ്ങൾ - 2

### മുന്നറിവ് (Previous knowledge)

- പ്രതിസന്ധികൾ തരണംചെയ്ത് ജീവിതത്തിൽ മുന്നേറിയ വ്യക്തികളെക്കുറിച്ച് കേട്ടിട്ടുണ്ട്
- ജീവിത പാഠങ്ങൾ പകർന്നുനൽകുന്ന സാഹിത്യകൃതികൾ കുട്ടികൾ വായിച്ചിട്ടുണ്ട്.

### പഠനലക്ഷ്യങ്ങൾ

- വ്യക്തിജീവിതത്തിൽ അഭിമുഖീകരിക്കുന്ന വ്യത്യസ്ത പ്രശ്നങ്ങളെ വിശകലനം ചെയ്യുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുക.
- സ്വന്തം ജീവിതത്തിൽ ഉണ്ടാവുന്ന പ്രതിസന്ധികൾ എങ്ങനെ തരണം ചെയ്യണമെന്ന് കുട്ടികൾ തിരിച്ചറിയുക.
- പ്രതിസന്ധികൾ തരണം ചെയ്ത ആളുകളുടെ അനുഭവങ്ങൾ സ്വാംശീകരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക.
- സ്വന്തം ജീവിതലക്ഷ്യങ്ങളെക്കുറിച്ചുള്ള അവബോധം നേടുക.

### പ്രവേശക പ്രവർത്തനം

ജീവിതത്തിൽ എല്ലാവർക്കും സന്തോഷവും സങ്കടവും ഉണ്ടായിട്ടുള്ള സന്ദർഭങ്ങൾ ഉണ്ടായിരിക്കും. അവയെക്കുറിച്ച് സംസാരിക്കാം എന്നരീതിയിൽ കുട്ടികളുടെ വ്യക്തിപരമായ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാവുന്നതാണ്. ടീച്ചർ നേരിട്ട പ്രതിസന്ധിയും മറികടന്ന രീതിയും വിശദീകരിച്ചുകൊണ്ടുമാകാം. കുട്ടികളുടേയോ, അവർക്കു പരിചയമുള്ള ഏതെങ്കിലും വ്യക്തിയുടേയോ കുടുംബത്തിന്റെയോ അനുഭവങ്ങൾ അവതരിപ്പിക്കാനുള്ള അവസരം

ക്ലാസിലുണ്ടാവണം. ഇത്തരത്തിൽ മൂന്നോ നാലോ അനുഭവങ്ങൾ അവതരിപ്പിക്കാനുള്ള അവസരം നൽകിയാൽ നന്നായിരിക്കും.

വ്യക്തിഗതവും പരിചിതവുമായ അനുഭവങ്ങൾ അവതരിപ്പിച്ചതിനുശേഷം പാഠപുസ്തകത്തിലെ ഉള്ളടക്കം അവതരിപ്പിക്കാം.

മാസ്റ്റർ അമൽ ഇഖ്ബാൽ, ഷാലിൻ, ആദം ഹാരി എന്നീ മൂന്ന് വ്യക്തികളുടെ ജീവിതകഥകൾ ഓഡിയോ വിഷ്വൽ എയ്ഡുകളുടെ സഹായത്തോടെ ക്ലാസ്സിൽ അവതരിപ്പിക്കുന്നു (അവതരണത്തിന് കുട്ടികളുടെ സഹായം തേടാം). ഈ ജീവിതകഥകളിലൂടെ പ്രതിസന്ധികളെ മനുഷ്യർ എങ്ങനെ തരണം ചെയ്യുന്നു എന്നതിന്റെ പ്രാധാന്യം ക്ലാസ്റൂം ചർച്ചയായി കൊണ്ടുവരാം.

- എന്തുകൊണ്ടാണ് അമൽ ഇക്ബാൽ എന്ന ചെറുപ്പക്കാരൻ ശ്രദ്ധേയനാകുന്നത്?
- അമൽ ഇക്ബാലിന്റെ ജീവിതകഥ നിങ്ങളിൽ എന്തു ചിന്തയാണ് ഉളവാക്കുന്നത്?
- ഷാലിൻ ജീവിതത്തിൽ നേരിട്ട പ്രതികൂല സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു?
- പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാം എന്നതിന് ആദം ഹരി എങ്ങനെ ഉദാഹരണമാകുന്നു.

  ഇത്തരത്തിൽ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് വിധേയമാക്കുകയും വേണം. പ്രതികൂല സാഹചര്യങ്ങളിൽ തളരുകയല്ല, അതീജീവിക്കുകയാണ് വേണ്ടതെന്നും അത്തരത്തിൽ ശ്രമിച്ചവരൊക്കെ വിജയിച്ചിട്ടുണ്ടെന്നും ക്രോഡീകരണത്തിൽ വരണം.

**പ്രവർത്തനം 1 – അഭിമുഖം**

പ്രതിബന്ധങ്ങളെ അതിജീവിച്ച ആളുകളുമായി അഭിമുഖം നടത്തുക എന്ന പ്രവർത്തനമാണ് നൽകിയിട്ടുള്ളത്. വിദ്യാലയ പരിസരത്ത് താമസിക്കുന്നവരോ, പ്രദേശികമായി പരിചിതരായവരോ ആയാൽ നന്നായിരിക്കും.  അഭിമുഖത്തിനായി വ്യക്തികളെ വിദ്യാലയത്തിലേക്ക് വിളിക്കുകയോ വ്യക്തികളുടെ വീട്ടിലേക്ക് പോയി അവിടെവച്ച് നടത്തുകയോ ആവാം. സൌകര്യംമുണ്ടെങ്കിൽ വീട്ടിൽപോയി അഭിമുഖം നടത്തുന്നതാണ് കൂടുതൽ പ്രയോജനപ്രദമാവുക.

അഭിമുഖത്തിനായി വ്യക്തികളെ തിരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്നവ ശ്രദ്ധിക്കുമല്ലോ.

തൊഴിൽ, വിദ്യാഭ്യാസം, രാഷ്ട്രീയം, കല, ബിസിനസ്, കൃഷി തുടങ്ങിയ മേഖലകളിൽ ഏതെങ്കിലും ഒന്നിൽ മികവ് തെളിയിച്ചവരെ തിരഞ്ഞെടുക്കുന്നത് അഭികാമ്യം.

**പഠനോല്പന്നം**

അഭിമുഖത്തിനുശേഷം ഓരോ കുട്ടിയും അഭിമുഖ റിപ്പോർട്ട് തയ്യാറാക്കുക.

1. വ്യക്തിഗത വിവരങ്ങൾ
2. ജീവിത പശ്ചാത്തലം
3. മേഖല തെരഞ്ഞെടുക്കാനുണ്ടായ കാരണം

4. പ്രവർത്തനവിജയത്തിലേക്കെത്താൻ  സഹായിച്ച ഘടകങ്ങൾ
    - വ്യക്തികൾ
    - സ്ഥാപനങ്ങൾ
    - സ്വയം ആർജിച്ചെടുത്ത കഴിവുകൾ
5. നേരിടേണ്ടിവന്ന വെല്ലുവിളികൾ
6. ഭാവിപ്രവർത്തനങ്ങൾ
7. സംക്ഷിപ്തം

**പോർട്ട് ഫോളിയോ**

- അഭിമുഖ റിപ്പോർട്ട് പോർട്ട് ഫോളിയോയിൽ ചേർക്കാം

**പ്രവർത്തനം 2 - പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്**

**പ്രവർത്തന വിശകലനം**

ദൈനംദിന ജീവിതത്തിൽ വ്യക്തികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ തരണം ചെയ്യാനാവാതെ ചിലർ തളർന്നുപോകാറുണ്ട്. ഭൂരിപക്ഷം പ്രശ്നങ്ങ ൾക്കും പരിഹാരമുണ്ട് എന്നുള്ളത് പലരും മനസ്സിലാക്കുന്നില്ല. കൃത്യമായ വിശകലനവും അപഗ്രഥനവും ഉണ്ടെങ്കിൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നമുക്ക് തന്നെ കഴിയും.

ക്ലാസിലെ കുട്ടികളെ നാലു ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും ഒരു ലീഡറെയും പരിഗണിക്കാം. പാഠഭാഗത്തു നൽകിയിരിക്കുന്ന നാലു സാഹചര്യങ്ങളിൽ ഒന്നു വീതം ഓരോ ഗ്രൂപ്പിനും നൽകുക. പ്രശ്നത്തെ വിശദമായി അപഗ്രഥിച്ച് പരിഹാരമാർഗങ്ങൾ കണ്ടെത്തണം. അവയെ സ്കിറ്റ് രൂപത്തിൽ ക്ലാസിൽ അവതരിപ്പിക്കണം. അവതരണങ്ങളെ റക്കോർഡ് ചെയ്ത വീഡിയോ ഡോക്യുമെന്റ് ആക്കി സൂക്ഷിക്കാം.

**പഠനോല്പന്നം**

- നാലു ഗ്രൂപ്പുകളുടെ വീഡിയോ ഡോക്യുമെന്റുകൾ

**പോർട്ട് ഫോളിയോ**

- വീഡിയോ ഡോക്യുമെന്റുകൾ പോർട്ട് ഫോളിയോയിൽ ചേർക്കുക

**വിലയിരുത്തൽ**

- അഭിമുഖ റിപ്പോർട്ട് വിലയിരുത്താം.
- വിവിധ പ്രശ്നങ്ങളിൽ കുട്ടികളുടെ നിലപാടുകൾ ചോദിച്ചറിയാം
- ക്രിയാത്മകമായ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ വിലയിരുത്താം.
- വിലയിരുത്തലുകൾ ഗുണാത്മക രേഖപ്പെടുത്തലാവണം

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്ലാസ് : 9

വിഷയം : സ്വയം ഒരുങ്ങൽ

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമനമ്പർ | മേഖല | പഠനലക്ഷ്യങ്ങൾ | ആശയങ്ങൾ | ശേഷികൾ/നൈപുണികൾ (തൊഴിൽ നൈപുണികൾ ഉൾപ്പെടെ) | മൂല്യം/മനോഭാവം | ഉൾച്ചേർത്തിട്ടുള്ള തീമുകൾ | വിഷയങ്ങളുടെ പാരസ്പര്യസാധ്യത | പഠനപ്രവർത്തനങ്ങൾ (പ്രക്രിയ സാധ്യതകൾ ഉൾപ്പെടെ) | പഠനസാമഗ്രികൾ | വിലയിരുത്തൽ (പ്രക്രിയ, പഠനത്തെളിവ് ഉൽപ്പന്നങ്ങൾ) | സമയം |
| 1 | പ്രതിരോധവും മുന്നേറ്റവും | • വ്യക്തിജീവിതത്തിൽ അഭിമുഖീകരിക്കുന്ന വ്യത്യസ്ത പ്രശ്നങ്ങളെ വിശകലനം ചെയ്യുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുക<br>• സ്വന്തം ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ എങ്ങനെ തരണം ചെയ്യണമെന്ന് തിരിച്ചറിയുക<br>• പ്രതിസന്ധികൾ തരണം ചെയ്ത | • മാറ്റങ്ങളോടുള്ള മനുഷ്യന്റെ പ്രതിരോധം<br>• വ്യക്തിത്വവികാസം<br>• വെല്ലുവിളികളെ നേരിടൽ<br>• പ്രതിരോധവും അതിജീവനവും | • പ്രശ്നപരിഹരണ ശേഷി<br>• പ്രതിരോധ ശേഷി<br>• പൊരുത്തപ്പെടാനുള്ള ശേഷി | • സ്ഥിരോത്സാഹം<br>• ദൃഢ നിശ്ചയം<br>• ക്ഷമ<br>• ഗുണാത്മക കാഴ്ചപ്പാട്<br>• മാനസിക വളർച്ച<br>• വിജയത്തിലേക്ക് എത്തിച്ചേരണമെന്നുള്ള മനോഭാവം | • സ്വയം പ്രതിരോധം<br>• അതിജീവനം<br>• വിഷയങ്ങളുടെ പാരസ്പര്യ ധാരണ<br>• ഭാഷ<br>• സാമൂഹ്യ ശാസ്ത്രം<br>* ആർട്ട് | • ഭാഷ<br>• സാമൂഹ്യ ശാസ്ത്രം<br>• ആർട്ട് | • വ്യത്യസ്ത ജീവിത സാഹചര്യങ്ങളെ അതിജീവിച്ച് മറ്റുള്ളവർക്ക് പ്രചോദനം നൽകുകയും ചെയ്ത മൂന്ന് വ്യക്തികളെ പരിചയപ്പെടുത്തുന്നു.<br>• പ്രതിസന്ധികളെ മനുഷ്യർ എങ്ങനെ തരണം ചെയ്യുന്നു എന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച.<br>• പ്രതിസന്ധികളെ അതിജീവിച്ച ആളുകളുമായി | • ചാർട്ട് പേപ്പർ<br>• ചാർട്ട് കാർഡ്<br>• സ്കെയിൽ<br>• പെൻസിൽ<br>• കത്രിക<br>• മാർക്കർ<br>• A4കളർ പേപ്പർ<br>• സ്റ്റിക്കറുകൾ<br>• ഇമോജികൾ<br>• മാസികകൾ<br>• പശ | • അഭിമുഖ റിപ്പോർട്ട്<br>• വിവിധ പ്രശ്നങ്ങളിലെ കുട്ടികളുടെ നിലപാട്<br>• ക്രിയാത്മകമായ പ്രശ്നപരിഹാര നിർദേശങ്ങൾ. | 4 മണിക്കൂർ |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ആളുകളുടെ അനുഭവങ്ങൾ സ്വാംശീകരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക<br>• സ്വന്തം ജീവിതലക്ഷ്യങ്ങളെ കുറിച്ചുള്ള അവബോധം നേടുക | | | | | | അഭിമുഖം<br>• അഭിമുഖ റിപ്പോർട്ട്<br>• നാല് വ്യത്യസ്ത സാഹചര്യങ്ങൾ നൽകിക്കൊണ്ട് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പരിഹാര മാർഗങ്ങൾ കണ്ടെത്തി ക്രിയാത്മകമായി അവതരിപ്പിക്കുന്നു. | | | |

## യൂണിറ്റ് 3
## സ്വയം ആശ്രയിക്കാം പരിപാലിക്കാം

### ആമുഖം

ഒരു സാമൂഹ്യജീവിയെന്ന നിലയിൽ ഓരോ വ്യക്തിയും ചുറ്റുപാടുകൾക്ക് അനുയോജ്യമായ പെരുമാറ്റരീതികളും പ്രവർത്തനരീതികളും ഉപയോഗിക്കേണ്ടതുണ്ട്. സാമൂഹിക മര്യാദകൾ പാലിക്കുന്ന കാര്യം പൊതുവെ എവിടെയും ലിഖിതമായി പറയുന്നില്ലെങ്കിലും ഓരോ വ്യക്തിയും അവ മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിക്കുന്നുണ്ട്. നിയമങ്ങളും നിയന്ത്രണങ്ങളും നിലനിൽക്കുന്നുണ്ടെങ്കിലും അവ പാലിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്. ഒരു വ്യക്തി വിലയിരുത്തപ്പെടേണ്ടത് അയാളുടെ പെരുമാറ്റത്തിൽ നിന്നും മനോഭാവത്തിൽ നിന്നുമാണ് സ്വീകാര്യമായ വ്യക്തിത്വം കുട്ടികളിൽ വളർത്തിയെടുക്കുന്നതിന് ചില പരുവപ്പെടുത്തലുകൾ ആവശ്യമാണ്.

ഓരോ വ്യക്തിയും തന്റെ പെരുമാറ്റരീതികളിലുള്ള മികവുകളും പരിമിതികളും തിരിച്ചറിയേണ്ടതുണ്ട്. കൂട്ടുകാരോട്, അധ്യാപകരോട്, രക്ഷിതാക്കളോട്, വിവിധ സ്ഥാപനങ്ങളിലുള്ളവരോട് തുടങ്ങി വൈവിധ്യമാർന്ന തലങ്ങളിൽ ഇടപെടേണ്ടിവരുന്നുണ്ട്. അതുപോലെ വ്യത്യസ്ത തലങ്ങളിൽ ഇടപെടുമ്പോഴുള്ള ബാഹ്യരൂപവും ചലനങ്ങളും പ്രധാനമാണ്. ഈ യൂണിറ്റിൽ കുട്ടികളെ ഇത്തരം കാര്യങ്ങളിൽ ബോധവാന്മാരാക്കുക എന്നത് ലക്ഷ്യമാണ്.

### ആകെ പ്രവർത്തനങ്ങൾ - 3

#### മുന്നറിവ്

- കുടുംബ-സാമൂഹ്യ സാഹചര്യങ്ങളിൽ നിന്നും സ്വയംപരിചരണത്തിന്റെ പ്രാഥമിക പാഠങ്ങൾ കുട്ടി മനസ്സിലാക്കിയിട്ടുണ്ട്.
- ശരിയായ സാമൂഹ്യജീവിതം നയിക്കാൻ സ്വയംപരിചരണം ആവശ്യമാണെന്ന് കുട്ടിക്കറിയാം.
- വിവിധ സാഹചര്യങ്ങളിൽനിന്നും സ്വായത്തമാക്കിയ സാമൂഹ്യമര്യാദകളും പെരുമാറ്റരീതികളും നിത്യജീവിതത്തിൽ പ്രയോഗിക്കുന്നുണ്ട്.

### ആശയങ്ങൾ /ധാരണ /ശേഷികൾ /നൈപുണികൾ

- ഓരോ വ്യക്തിയും സാമൂഹ്യജീവി എന്ന നിലയിൽ വ്യത്യസ്ത സാഹചര്യങ്ങൾക്ക് അനുയോജ്യമായി തന്റെ വ്യക്തിത്വത്തെ പ്രകടിപ്പിക്കേണ്ടതുണ്ട്.
- സാമൂഹ്യ മര്യാദകൾ പാലിക്കുന്നതിന് ആവശ്യമായ വ്യക്തിപരിപാലനം ശീലിക്കേണ്ടതുണ്ട്.

### പഠന ലക്ഷ്യങ്ങൾ

- നിത്യജീവിതത്തിൽ സ്വയം പരിചരണത്തിന്റെ പ്രാധാന്യം തിരിച്ചറിയുക

- സ്വയം പരിചരണത്തിലും സാമൂഹ്യമര്യാദകൾ പാലിക്കുന്നതിലും താൻ എവിടെ നിൽക്കുന്നു എന്ന് വിശകലനം ചെയ്യുക.
- സ്വയം പരിചരണത്തിലും സാമൂഹ്യ മര്യാദകൾ പാലിക്കുന്നതിലും എന്തൊക്കെ മെച്ചപ്പെടുത്തലുകളാണ് ആവശ്യം എന്ന് തിരിച്ചറിയുക.
- വ്യത്യസ്ത സാഹചര്യങ്ങളിൽ അനുവർത്തിക്കേണ്ട സാമൂഹ്യ മര്യാദകൾ സ്വായത്തമാക്കുക.

**മൂല്യങ്ങൾ /മനോഭാവം**

സാമൂഹ്യബോധം, സാമൂഹ്യപ്രതിബദ്ധത, ആത്മവിശ്വാസം, സഹജീവികളോടുള്ള പരിഗണന.

**പ്രവേശകപ്രവർത്തനം**

പെരുമാറ്റരീതികൾ സംബന്ധിച്ചും നിലപാടുകൾ സംബന്ധിച്ചുമുള്ള ധാരണ കുട്ടികളിൽ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. വ്യത്യസ്ത സന്ദർഭങ്ങളിൽ എങ്ങനെയാണു പെരുമാറുക എന്നപ്രവർത്തനം ക്ലാസിൽ കുട്ടികൾക്ക് താത്പര്യം ജനിപ്പിക്കുന്ന രീതിയിൽ ഏറ്റെടുപ്പിക്കേണ്ടതാണ്.

ഉദാഹരണമായി താഴെകാണുന്ന സന്ദർഭങ്ങൾ നൽകാം.
ഒരു കൂട്ടത്തിലെ ഒരാൾ സംസാരിക്കുമ്പോൾ ഗ്രൂപ്പിലെ മറ്റുള്ളവർ എങ്ങനെ പെരുമാറണം?
ഫോൺ ചെയ്യുമ്പോൾ പാലിക്കേണ്ട മര്യാദകൾ ?
പൊതുവാഹനങ്ങളിൽ യാത്രചെയ്യുമ്പോൾ പാലിക്കേണ്ട മര്യാദകൾ ?
തുടങ്ങി നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങളിൽ പെരുമാറേണ്ട രീതികളെക്കുറിച്ച് ചർച്ചയാകാം.

തുടർന്ന് പ്രവർത്തന പുസ്തകത്തിലെ പ്രവർത്തനങ്ങളിലേക്കു കടക്കാം.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ് അതുകൊണ്ടുതന്നെ വ്യത്യസ്ത സാമൂഹിക ചുറ്റുപാടുകളുമായി നിരന്തരം സമ്പർക്കം പുലർത്തേണ്ടതുണ്ട്. അത്തരം സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പെരുമാറുമ്പോൾ ആ സമൂഹം അനുവർത്തിക്കുന്ന സമ്പ്രദായങ്ങളും മര്യാദകളും പാലിക്കേണ്ടിവരും. തന്നിട്ടുള്ള പട്ടികയിൽ കുട്ടികൾ നേരത്തെ മനസ്സിലാക്കിയിട്ടുള്ള സാമൂഹിക മര്യാദകൾ എഴുതിച്ചേർക്കുക (ഉദാ: അഭിവാദനം, പരസഹായം, ക്യൂ പാലിക്കൽ, അനുയോജ്യമായ ആശയവിനിമയം, മുതിർന്നവർക്കും അവശർക്കും വാഹനങ്ങളിൽ ഇരിപ്പിടം നൽകുക).

**പഠനോല്പന്നം**

വ്യക്തിത്വം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ എന്തൊക്കെ എന്നതിനെക്കുറിച്ച് കുട്ടികൾ തയ്യാറാക്കിയ കുറിപ്പ്.

**പോർട്ട് ഫോളിയോ**

- കുട്ടികൾ തയ്യാറാക്കിയ കുറിപ്പ് പോർട്ട്ഫോളിയിൽ ചേർക്കുക.

**പ്രവർത്തനം 1**

നിർദ്ദേശിച്ച പ്രകാരം കുട്ടികൾ വാട്ടർഫോൾ കാർഡ് ഉണ്ടാക്കുന്നു. അതിലെ സമചതുര കാർഡുകളിൽ കുട്ടികളുടെ സ്വഭാവസവിശേഷതകൾ എഴുതുന്നു.

**സാമൂഹ്യ ഇടപെടലുകളും പെരുമാറ്റ രീതിയും**

പ്രവർത്തന പുസ്തകത്തിൽ കുട്ടികൾ നൽകിയ ഉത്തരങ്ങൾ വിലയിരുത്തുക. അതിനു കുട്ടികൾ നൽകുന്ന വിശദീകരണങ്ങൾ ചർച്ച ചെയ്യുക (ഉദാഹരണം പാർക്കിംഗ് നിരോധിത മേഖലയിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ശരിയല്ല മുതലായവ). ടെസ്റ്റ് ബുക്കിൽ നൽകിയതിന് ഉപരിയായി കൂടുതൽ ഉദാഹരണങ്ങൾ നൽകണം (ഉദാ: ഭക്ഷണം പാഴാക്കാതിരിക്കുക മുതലായവ).

**പഠനോല്പന്നം**

- സാമൂഹ്യ മര്യാദകളെക്കുറിച്ചുള്ള കുട്ടിയുടെ നിർവചനം.

**പോർട്ട് ഫോളിയോ**

- കുട്ടികൾ തയ്യാറാക്കുന്ന നിർവചനങ്ങൾ പോർട്ട്ഫോളിയോയിൽ ചേർക്കുക.

**പ്രവർത്തനം 2 - റോൾപ്ലേ**

പ്രവർത്തന പുസ്തകത്തിലെ റോൾപ്ലേ പ്രവർത്തനം ചെയ്യുന്നതിനുമുമ്പ് കുട്ടികളെ അതിനായി സജ്ജരാക്കണം.

കുട്ടികളെ ആറു ഗ്രൂപ്പുകളാക്കി തിരിച്ച് റോൾപ്ലേക്കായി പുസ്തകത്തിൽ തന്നിരിക്കുന്ന വിവിധ വിഷയങ്ങൾ നൽകുക. ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് അവതരണം മെച്ചപ്പെടുത്താനുള്ള ഇടപെടലുകൾ ഉണ്ടാകണം.

**പഠനഉല്പന്നം**

കുട്ടികളുടെ അവതരണം റെക്കോർഡ് ചെയ്തു വീഡിയോ സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യുക.

**പോർട്ട് ഫോളിയോ**

- റെക്കോർഡ് ചെയ്ത വീഡിയോ പോർട്ട് ഫോളിയോയിൽ ചേർക്കുക.

**പ്രവർത്തനം 3 - പാനൽ ചർച്ച**

ഒന്നിലധികം വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിഷയത്തെ അധികരിച്ച് നടത്തുന്ന ചർച്ചയാണ് പാനൽ ചർച്ച. ഇതിനായി കുട്ടികളെ സജ്ജരാക്കുകയും അതത് വിദ്യാലയത്തിലെ അധ്യാപകരുടെ സഹായം തേടുകയും ചെയ്യാം. കുട്ടികളെയാണ് പങ്കെടുപ്പിക്കുന്നതെങ്കിൽ വിഷയങ്ങളും മാർഗ നിർദേശങ്ങളും മുൻകൂട്ടി നൽകേണ്ടതാണ്.

**പഠനോല്പന്നം**

പാനൽ ചർച്ചയ്ക്ക് ശേഷം കുട്ടികൾ തയ്യാറാക്കുന്ന റിപ്പോർട്ട്.

**പോർട്ട് ഫോളിയോ**

റിപ്പോർട്ട് പോർട്ട്ഫോളിയിലേക്ക്

**ഞാൻ നേടിയത്**

ഈ പ്രവർത്തനത്തിലെ കുട്ടികളുടെ പ്രതികരണം പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തു തുടർപ്രവർത്തനം ഉറപ്പുവരുത്തുക.

**മൂല്യനിർണയം**

നിശ്ചിത പ്രവർത്തനങ്ങളിലെ കുട്ടികളുടെ പങ്കാളിത്തം, ഉല്പന്നങ്ങൾ എന്നിവ വിലയിരുത്തുക.

തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാ

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**ക്ലാസ് : 9** **വിഷയം : സ്വയം ഒരുങ്ങൽ**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| **ക്രമനമ്പർ** | **മേഖല** | **പഠനലക്ഷ്യങ്ങൾ** | **ആശയങ്ങൾ** | **ശേഷികൾ/ നൈപുണികൾ (തൊഴിൽ നൈപുണികൾ ഉൾപ്പെടെ)** | **മൂല്യം/ മനോഭാവം** | **ഉൾച്ചേർത്തിട്ടുള്ള തീമുകൾ** | **വിഷയങ്ങളുടെ പാരസ്പര്യസാധ്യത** | **പഠനപ്രവർത്തനങ്ങൾ (പ്രക്രിയ സാധ്യതകൾ ഉൾപ്പെടെ)** | **പഠനസാമഗ്രികൾ** | **വിലയിരുത്തൽ (പ്രക്രിയ, പഠനത്തെളിവ് ഉൽപ്പന്നങ്ങൾ)** | **സമയം** |
| 1 | സ്വയം പരിപാലനം | • നിത്യജീവിതത്തിൽ സ്വയം പരിചരണത്തിന്റെ പ്രാധാന്യം തിരിച്ചറിയുക<br>• സ്വയം പരിചരണത്തിലും സാമൂഹ്യ മര്യാദകൾ പാലിക്കുന്നതിലും താൻ എവിടെ നിൽക്കുന്നു എന്ന് വിശകലനം ചെയ്യുക<br>• സ്വയം പരിചരണ | • * ഓരോ വ്യക്തിയും സാമൂഹ്യജീവി എന്ന നിലയിൽ വ്യത്യസ്ത സാഹചര്യങ്ങൾക്ക് അനുയോജ്യമായി തന്റെ വ്യക്തിത്വത്തെ പ്രകടിപ്പിക്കേണ്ടതുണ്ട്<br>• * സാമൂഹ്യ മര്യാദകൾ പാലിക്കുന്നതിന് ആവശ്യമായ വ്യക്തി പരിപാലനം ശീലിക്കേണ്ടതു | • സമയനിഷ്ഠ പാലിക്കുന്നതിനുള്ള ശേഷി<br>• * സമ്മർദ്ദങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശേഷി<br>• * ശരിയായ ആരോഗ്യ ശീലങ്ങൾ. | • ഉത്തരവാദിത്വം<br>• മൂല്യം<br>• മാനസിക, ശാരീരിക, വൈകാരിക സുസ്ഥിതി നിലനിർത്താനുള്ള പ്രവർത്തനങ്ങളിലെ സ്ഥിരത | • സ്വയം ഒരുങ്ങൽ<br>• സാമൂഹിക മര്യാദകൾ | • ഭാഷ<br>• അഭിനയം | • വ്യത്യസ്തമായ സാഹചര്യങ്ങളിൽ പെരുമാറേണ്ടത് എങ്ങനെ എന്ന് കണ്ടെത്തി വ്യക്തിഗതമായ അവതരണം<br>• നിത്യ ജീവിതത്തിലെ വിവിധ സന്ദർഭങ്ങളിൽ പെരുമാറേണ്ട രീതികളെ കുറിച്ച് ചർച്ച<br>• വ്യക്തിത്വം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ | • റോൾപ്ലേയ്ക്ക് ആവശ്യമായ സാധനങ്ങൾ | • പങ്കാളിത്തം<br>• ഉൽപന്നം. | 5 മണിക്കൂർ |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ത്തിലും സാമൂഹ്യ മര്യാദകൾ പാലിക്കുന്നതിലും എന്തൊക്കെ മെച്ചപ്പെടുത്തലുകളാണ് ആവശ്യം എന്ന് തിരിച്ചറിയുക<br>• വ്യത്യസ്ത സാഹചര്യങ്ങളിൽ അനുവർത്തിക്കേണ്ട സാമൂഹ്യ മര്യാദകൾ സ്വായത്തമാക്കുക | ണ്ട്. | | | | | കാര്യങ്ങൾ എന്തൊക്കെ എന്നതിനെ കുറിച്ചുള്ള കുറിപ്പ്<br>• പാഠപുസ്തകത്തിലെ 6 സാഹചര്യങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പ് അടിസ്ഥാനത്തിൽ റോൾപ്ലേ | | | |